### സൂറഃ-7

# അൽ അഅ്റാഫ്

وَإِن تَدْعُوهُمْ إِلَى ٱلْهُدَىٰ لَا يَتَّبِعُوكُمْ ۚ سَوَآءٌ عَلَيْكُمْ أَدَعَوْتُمُوهُمْ أَمْ أَنتُمْ
صَـٰمِتُونَ ﴿١٩٣﴾
إِنَّ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ عِبَادٌ أَمْثَالُكُمْ ۖ فَٱدْعُوهُمْ فَلْيَسْتَجِيبُوا۟ لَكُمْ
إِن كُنتُمْ صَـٰدِقِينَ ﴿١٩٤﴾
أَلَهُمْ أَرْجُلٌ يَمْشُونَ بِهَآ ۖ أَمْ لَهُمْ أَيْدٍ يَبْطِشُونَ بِهَآ ۖ أَمْ لَهُمْ
أَعْيُنٌ يُبْصِرُونَ بِهَآ ۖ أَمْ لَهُمْ ءَاذَانٌ يَسْمَعُونَ بِهَا ۗ قُلِ ٱدْعُوا۟ شُرَكَآءَكُمْ
ثُمَّ كِيدُونِ فَلَا تُنظِرُونِ ﴿١٩٥﴾
إِنَّ وَلِـِّۧىَ ٱللَّهُ ٱلَّذِى نَزَّلَ ٱلْكِتَـٰبَ ۖ وَهُوَ يَتَوَلَّى ٱلصَّـٰلِحِينَ ﴿١٩٦﴾
وَٱلَّذِينَ تَدْعُونَ مِن دُونِهِۦ لَا يَسْتَطِيعُونَ نَصْرَكُمْ وَلَآ أَنفُسَهُمْ يَنصُرُونَ
﴿١٩٧﴾
وَإِن تَدْعُوهُمْ إِلَى ٱلْهُدَىٰ لَا يَسْمَعُوا۟ ۖ وَتَرَىٰهُمْ يَنظُرُونَ إِلَيْكَ وَهُمْ لَا
يُبْصِرُونَ ﴿١٩٨﴾

**193.** ഈ ആരാധ്യരോട് മാർഗദർശനം തേടിയാൽ അവർ തുണക്കുന്നില്ല. നിങ്ങൾ അവരോട് പ്രാർഥിക്കുന്നതും മൂകരാകുന്നതും ഒരുപോലെയാകുന്നു.

**194.** അല്ലാഹുവിനെ വെടിഞ്ഞ് നിങ്ങൾ പ്രാർഥിച്ചുകൊണ്ടിരിക്കുന്ന ദൈവങ്ങളുണ്ടല്ലോ, അവരും നിങ്ങളെപ്പോലെ അടിമകൾ തന്നെയാകുന്നു. അവരെയൊന്നു വിളിച്ചുനോക്കുവിൻ. അവർ നിങ്ങൾക്കുത്തരം നൽകട്ടെ - അവരെക്കുറിച്ചുള്ള നിങ്ങളുടെ വിചാരം ശരിയാണെങ്കിൽ.

**195.** അവർക്ക് കാലുകളുണ്ടോ, നടക്കാൻ? കൈകളുണ്ടോ, പിടിക്കാൻ? കണ്ണുകളുണ്ടോ, കാണാൻ? കാതുകളുണ്ടോ, കേൾക്കാൻ? പ്രവാചകൻ അവരോടു പറയുക: നിങ്ങളുടെ പങ്കാളികളെയൊക്കെയും വിളിച്ചുകൊള്ളുവിൻ. എന്നിട്ട് എനിക്കെതിരെ തന്ത്രങ്ങൾ മെനഞ്ഞ് പ്രയോഗിച്ചുകൊള്ളുവിൻ. എനിക്ക് ഒട്ടും സാവകാശം തരേണ്ടതില്ല.

**196.** എന്റെ രക്ഷിതാവ് അല്ലാഹുവാകുന്നു. ഈ വേദം അവതരിപ്പിച്ചവൻ. സജ്ജനത്തിന്റെ സംരക്ഷണം അവൻ ഏറ്റെടുക്കുന്നു.

**197.** അല്ലാഹുവിനെ വെടിഞ്ഞ് നിങ്ങൾ പ്രാർഥിച്ചുകൊണ്ടിരിക്കുന്ന ദൈവങ്ങളോ, അവർക്കൊന്നും നിങ്ങളെ സഹായിക്കാനാവില്ല. അവരെത്തന്നെയും അവർ സഹായിക്കുന്നില്ല.

**198.** നിങ്ങൾ മാർഗദർശനത്തിനു വേണ്ടി പ്രാർഥിച്ചാൽ അവരതു കേൾക്കുന്നേയില്ല. അവർ നിന്നെ തുറിച്ചുനോക്കുന്നതായി കാണാം. വാസ്തവത്തിൽ അവർ യാതൊന്നും കാണുന്നില്ല.

وَإِن تَدْعُوهُمْ = നിങ്ങൾ അവരോട് (ഈ ആരാധ്യരോട്)പ്രാർഥിച്ചാൽ(തേടിയാൽ) إِلَى ٱلْهُدَىٰ = സന്മാർഗദർശന(ം)ത്തിലേക്ക്

لَا يَتَّبِعُوكُمْ = അവർ നിങ്ങളെ പിന്തുടരുകയില്ല (തുണക്കുകയില്ല) سَوَآءٌ = സമമാകുന്നു (ഒരുപോലെയാകുന്നു)

عَلَيْكُمْ = നിങ്ങൾക്ക് أَدَعَوْتُمُوهُمْ = നിങ്ങൾ അവരെ വിളിച്ചുവോ (പ്രാർഥിക്കുന്നതും) أَمْ أَنتُمْ = അല്ലെങ്കിൽ നിങ്ങൾ

صَـٰمِتُونَ = മൂകർ (ആകുന്നതും) إِنَّ ٱلَّذِينَ تَدْعُونَ = നിങ്ങൾ പ്രാർഥിച്ചുകൊണ്ടിരിക്കുന്നവർ (ഉണ്ടല്ലോ)

مِن دُونِ ٱللَّهِ = അല്ലാഹുവിനെ കൂടാതെ, വെടിഞ്ഞ് عِبَادٌ = (അവരും) അടിമകൾ (തന്നെ)യാകുന്നു

أَمْثَالُكُمْ = നിങ്ങളെപ്പോലെ فَٱدْعُوهُمْ = അവരെ (ഒന്ന്) വിളിച്ചു (പ്രാർഥിച്ചു) നോക്കുവിൻ

فَلْيَسْتَجِيبُوا۟ لَكُمْ = അവർ നിങ്ങൾക്കുത്തരം നൽകട്ടെ (വിളി കേൾക്കട്ടെ)

إِن كُنتُمْ = നിങ്ങൾ (അവരെ കുറിച്ചുള്ള നിങ്ങളുടെ വിചാരം) ആണെങ്കിൽ= صَـٰدِقِينَ = സത്യവാന്മാർ (ശരി)= أَلَهُمْ = അവർക്കുണ്ടോ=

أَرْجُلٌ = കാലുകൾ يَمْشُونَ بِهَا = (ഞാൻ) അതുകൊണ്ടവർ നടക്കുന്ന(ക്കാൻ) أَمْ لَهُمْ = അല്ലെങ്കിൽ അവർക്കുണ്ടോ أَيْدٍ = കൈകൾ

يَبْطِشُونَ بِهَا = (ഞാൻ) അതുകൊണ്ടവർ പിടിക്കുന്ന(ക്കാൻ) أَمْ لَهُمْ = അല്ലെങ്കിൽ അവർക്കുണ്ടോ أَعْيُنٌ = കണ്ണുകൾ

يُبْصِرُونَ بِهَا = (ഞാൻ) അതുകൊണ്ടവർ കാണുന്നു أَمْ لَهُمْ = അല്ലെങ്കിൽ അവർക്കുണ്ടോ ءَاذَانٌ = കാതുകൾ

يَسْمَعُونَ بِهَا = (ഞാൻ) അതുകൊണ്ടവർ കേൾക്കുന്ന(ക്കാൻ) قُلِ = നീ (പ്രവാചകൻ അവരോട്) പറയുക

ٱدْعُوا۟ = നിങ്ങൾ വിളിച്ചുകൊള്ളുവിൻ شُرَكَآءَكُمْ = നിങ്ങളുടെ പങ്കാളികളെ (ഒക്കെയും) ثُمَّ = എന്നിട്ട്

كِيدُونِ = നിങ്ങൾ എനിക്കെതിരെ തന്ത്രങ്ങൾ മെനഞ്ഞു പ്രയോഗിച്ചുകൊള്ളുവിൻ

فَلَا تُنظِرُونِ = നിങ്ങൾ എനിക്ക് (ഒട്ടും) അവസരം, സാവകാശം തരേണ്ട

إِنَّ وَلِـِّۧىَ ٱللَّهُ = നിശ്ചയം എന്റെ രക്ഷിതാവ് അല്ലാഹുവാകുന്നു

ٱلَّذِى نَزَّلَ ٱلْكِتَٰبَ = (ഈ) വേദം ഖണ്ഡം ഖണ്ഡമായി അവതരിപ്പിച്ചവൻ وَهُوَ = അവൻ

يَتَوَلَّى = സംരക്ഷണം ഏറ്റെടുക്കുന്നു ٱلصَّٰلِحِينَ = നല്ലവരുടെ, സജ്ജനത്തിന്റെ

وَٱلَّذِينَ تَدْعُونَ مِن دُونِهِۦ = (ക്കുന്ന ദൈവങ്ങളോ) നിങ്ങൾ പ്രാർഥിച്ചുകൊണ്ടിരിക്കുന്നവർ അവനെ(അല്ലാഹുവിനെ) വെടിഞ്ഞ്

لَا يَسْتَطِيعُونَ = അവർക്കാവില്ല نَصْرَكُمْ = (നിങ്ങളെ സഹായിക്കാൻ) നിങ്ങളുടെ സഹായം

وَلَآ أَنفُسَهُمْ يَنصُرُونَ = അവരെത്തന്നെയും അവർ സഹായിക്കുന്നില്ല

وَإِن تَدْعُوهُمْ إِلَى ٱلْهُدَىٰ = (മാർഗദർശനത്തിനുവേണ്ടി പ്രാർഥിച്ചാൽ) നിങ്ങൾ അവരെ സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ

لَا يَسْمَعُوا۟ = അവർ (അത്) കേൾക്കുന്നേയില്ല وَتَرَىٰهُمْ = നിനക്ക് അവരെ കാണാം

يَنظُرُونَ إِلَيْكَ = അവർ നിന്നെ (തുറിച്ചു) നോക്കുന്നതായി وَهُمْ = എന്നാൽ (വാസ്തവത്തിൽ) അവർ

لَا يُبْصِرُونَ = (യാതൊന്നും) കാണുന്നില്ല

**193:** ബഹുദൈവ വിശ്വാസത്തിന്റെയും വിഗ്രഹാരാധനയുടെയും അർഥശൂന്യതയെ സംബന്ധിച്ച മുൻ സൂക്തങ്ങളിൽ തുടങ്ങിയ ചർച്ച തുടരുകയാണ്. ഈ സൂക്തത്തിലെ وَإِن تَدْعُوهُمْ إِلَى ٱلْهُدَىٰ لَا يَتَّبِعُوكُمْ എന്ന വാക്യത്തിന് ഖുർആൻ വ്യാഖ്യാതാക്കൾ വ്യത്യസ്ത രീതികളിലാണ് അർഥം കൽപിച്ചിട്ടുള്ളത്. 'നിങ്ങൾ അവരെ സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ അവർ നിങ്ങളെ പിന്തുടരുകയില്ല', എന്നാണ് ഒരു കൂട്ടർ നൽകുന്ന അർഥം. അതായത്, സൃഷ്ടി കഴിഞ്ഞാൽ പിന്നെ ഏറ്റം പ്രധാനമായിട്ടുള്ളത് സൃഷ്ടിക്കപ്പെട്ടത് സ്ഥിതിചെയ്യുന്നതിനുള്ള നിയമങ്ങളും ധർമങ്ങളും നിശ്ചയിച്ചു കൊടുക്കുകയാണ്. അത് അനുസരിക്കപ്പെടുന്നതിലൂടെയാണ് സ്രഷ്ടാവ് ആരാധിക്കപ്പെടുന്നത്. സ്രഷ്ടാവിന്റെ തന്നെ കഴിവിലും അധികാരത്തിലും പെട്ടതാണ് സൃഷ്ടികൾക്കുള്ള ധർമശാസനം അഥവാ മാർഗദർശനം. സൃഷ്ടിച്ച അല്ലാഹുതന്നെയാണ് സൃഷ്ടികളുടെ സ്ഥിതിക്കുവേണ്ട സംവിധാനമേർപ്പെടുത്തിയതും എന്ന് ഖുർആൻ ആവർത്തിച്ചു പ്രസ്താവിക്കുന്നുണ്ട്: ٱلَّذِى خَلَقَ فَسَوَّىٰ ﴿٢﴾ وَٱلَّذِى قَدَّرَ فَهَدَىٰ ﴿٣﴾ (സൃഷ്ടിച്ചതും സന്തുലിതമാക്കിയതും അവനാകുന്നു. സംവിധാനിച്ചതും മാർഗദർശനം ചെയ്തതും അവൻതന്നെ – 87:2,3).

أَلَمْ نَجْعَل لَّهُۥ عَيْنَيْنِ ﴿٨﴾ وَلِسَانًا وَشَفَتَيْنِ ﴿٩﴾ وَهَدَيْنَٰهُ ٱلنَّجْدَيْنِ ﴿١٠﴾

(അവന് -മനുഷ്യന്- നാം രണ്ടു കണ്ണും ഒരു നാവും രണ്ടു ചുണ്ടും നൽകുകയും രണ്ടു വ്യക്തമായ മാർഗങ്ങൾ കാണിച്ചു കൊടുക്കുകയും ചെയ്തിട്ടില്ലയോ?' – 90:8–10). എന്നാൽ ബഹുദൈവവിശ്വാസികൾ ആരാധിക്കുന്ന വിഗ്രഹങ്ങളുടെ അവസ്ഥയെന്താണ്? അവ തങ്ങളുടെ ആരാധകർക്ക് യാതൊരു മാർഗദർശനവും നൽകുന്നില്ലെന്നതോ പോകട്ടെ, ആരാധകർ അവരെ സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ അതു പിന്തുടരാനുള്ള കഴിവു പോലും ആ ആരാധ്യർക്കില്ല. ഭക്തന്മാരുടെ ക്ഷണം കേൾക്കാനേ ആ ദൈവങ്ങൾക്കു കഴിയുന്നില്ല. ഭക്തന്മാർ അവരുടെ മുമ്പിൽ സംസാരിക്കുന്നതും മൂകരായിരിക്കുന്നതും ഒരുപോലെയാണ്.

തർജമയിൽ കൊടുത്തതുപോലെ, 'നിങ്ങൾ അവരോട് മാർഗദർശനം തേടിയാൽ അവൻ നിങ്ങളെ തുണക്കുന്നില്ല' എന്നാണ് മറ്റൊരു വിഭാഗം നൽകുന്ന അർഥം. تدعوا എന്നതിന് വിളിക്കുക, ക്ഷണിക്കുക എന്നപോലെത്തന്നെ പ്രാർഥിക്കുക, തേടുക എന്നും അർഥമുണ്ട്. اتبع-യുടെ വർത്തമാനകാല രൂപമാണ് يتبع. പിമ്പെ നടന്നു, കൂടെ പോയി, തുണച്ചു مضى معه‌لحقه – مشى خلفه എന്നൊക്കെ اتبع-ക്കും അർഥമുണ്ട്. ഇതാണ് രണ്ടാമത്തെ തർജമയുടെ ഭാഷാപരമായ സാധുത. ഇതനുസരിച്ച് വചനതാൽപര്യം ഇപ്രകാരമാണ്: ആരാധകന് ആരാധ്യനെ കൊണ്ടുള്ള ഏറ്റവും വലിയ ആവശ്യം തന്റെ ജീവിതത്തിന്റെ എല്ലാ കാര്യങ്ങളിലും ഉചിതമായ മാർഗദർശനം ലഭിക്കുക എന്നുള്ളതാകുന്നു. എന്നാൽ വിഗ്രഹാരാധകരുടെ ദൈവങ്ങൾ ജീവിതത്തിന്റെ ഒരു മേഖലയിലും അവരെ മാർഗദർശനം ചെയ്യുന്നില്ല. എന്നല്ല, ആരാധകർ മാർഗദർശനം തേടുന്നത് ആ ആരാധ്യർ അറിയുന്നേയില്ല. 198-ാം സൂക്തത്തിൽ ഈ ആശയം കുറേക്കൂടി വ്യക്തമാക്കിക്കൊണ്ട് പറയുന്നു: 'നിങ്ങൾ മാർഗദർശനത്തിനുവേണ്ടി പ്രാർഥിച്ചാൽ അവരതു കേൾക്കുന്നേയില്ല. അവർ നിന്നെ തുറിച്ചുനോക്കുന്നതായി കാണാം. വാസ്തവത്തിൽ അവർ യാതൊന്നും കാണുന്നില്ല.' അത്രക്കു പരിതാപകരമാണവരുടെ അവസ്ഥ!

**194:** അതായത്, നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്ന മൂർത്തികൾ നിങ്ങളെപ്പോലെയുള്ള സൃഷ്ടികൾ തന്നെയാണ്. അവർക്കെങ്ങനെയാണ് നിങ്ങളെ സഹായിക്കാനാവുക? അതല്ല, അവർ നിങ്ങളെ സഹായിക്കാനും മാർഗദർശനം ചെയ്യാനും കഴിവുള്ളവരാണവരെങ്കിൽ അവരെയൊന്ന് വിളിച്ചു പ്രാർഥിച്ചു നോക്കുക. അവർ നിങ്ങളുടെ വിളി കേൾക്കുന്നതൊന്നു കാണ

ട്ടെ. ഇത് വിഗ്രഹാരാധകരോടുള്ള ഒരു വെല്ലുവിളിയാണ്. സൂറഃ *അൽബഖറ* 23-ാം സൂക്തത്തിലും ഇതുപോലൊരു വെല്ലുവിളി കാണാം: وَٱدۡعُواْ شُهَدَآءَكُم مِّن دُونِ ٱللَّهِ إِن كُنتُمۡ صَٰدِقِينَ (അല്ലാഹുവിനെ കൂടാതുള്ള സഹായികളുടെയൊക്കെയും സഹായം തേടിക്കൊള്ളുവിൻ- നിങ്ങൾ സത്യവാന്മാരാണെങ്കിൽ). അതായത്, നിങ്ങളുടെ ആരാധ്യരെക്കുറിച്ച് ഇതുവരെ നിങ്ങൾ എന്തൊക്കെ വിശ്വസിച്ചുവന്നിട്ടുണ്ടെങ്കിലും ശരി, ഇപ്പോൾ ഈ പ്രവാചകൻ അവരുടെ ദിവ്യത്വത്തെ സമ്പൂർണമായി ചോദ്യം ചെയ്തിരിക്കുകയാണ്. ആ ദൈവങ്ങൾ നിങ്ങളെ സഹായിക്കാനും മാർഗദർശനം ചെയ്യാനും മുന്നോട്ടു വരേണ്ട നിർണായക സന്ദർഭമാണിത്. അങ്ങനെ മുന്നോട്ടുവന്ന് അവർ നിങ്ങളെയും അവരെത്തന്നെയും രക്ഷിക്കുകയാണെങ്കിൽ തീർച്ചയായും നിങ്ങളുടെ വിശ്വാസങ്ങൾ സത്യം തന്നെയാണെന്ന് തെളിയും. അതിനവർ തയാറാകുന്നില്ലെങ്കിൽ ആ ആരാധ്യരൊക്കെയും അല്ലാഹുവിന്റെ സൃഷ്ടികളും അടിമകളുമാണെന്നും അവർക്ക് സ്വന്തമായ യാതൊരു കഴിവും അധികാരവുമില്ലെന്നുമാണ് തെളിയുക.

**195:** വിഗ്രഹാരാധനക്ക് രണ്ട് മാനമുണ്ട്: ഒന്ന്, ആരാധ്യവസ്തുവിനെത്തന്നെ ദൈവമോ ദൈവത്തിന്റെ പങ്കാളിയോ ആയി കരുതി ആരാധിക്കുക. രണ്ട്, ആരാധനാമൂർത്തി അമൂർത്തനായ ദൈവത്തിന്റെ ഭൗതിക പ്രതിനിധി അല്ലെങ്കിൽ പ്രതീകം ആണെന്ന അടിസ്ഥാനത്തിൽ ആരാധിക്കുക. ആ പ്രതീകങ്ങളിൽ ആരോപിത ദൈവത്തിന്റെ ചൈതന്യം കുടികൊള്ളുന്നുവെന്നാണ് സങ്കൽപം. ആരാധ്യരെ ദൈവവുമായി ബന്ധിപ്പിക്കുന്ന ഉപാധികളും മാധ്യമങ്ങളുമാണ് വിഗ്രഹങ്ങൾ എന്നാണ് വിഗ്രഹാരാധനയുടെ വക്താക്കൾ വാദിക്കാറുള്ളത്. പക്ഷേ, സാമാന്യജനങ്ങളെ സംബന്ധിച്ചേടത്തോളം മുന്നിൽ കാണുന്ന മൂർത്തിതന്നെയാണ് ദൈവം. അവർ നേർച്ചവഴിപാടുകളും പൂജകളും അർപ്പിക്കുന്നതും ആഗ്രഹസാഫല്യത്തിനും ആപത്‌രക്ഷക്കും വേണ്ടി പ്രാർഥിക്കുന്നതും ആ മൂർത്തികളോട് നേരിട്ടാണ്. ഖുർആൻ ഈ രണ്ടു മാനങ്ങളിലുമുള്ള വിഗ്രഹാരാധനയെയും പൂർണമായി നിരാകരിച്ചിരിക്കുന്നു. യഥാർഥ ദൈവം അഗോചരവും അഖണ്ഡവും അവിഭാജ്യവുമായ ഏകനാണ്. യാതൊരു ഭൂതത്തോടും സാദൃശ്യമില്ലാത്തതിനാൽ അവന് സ്ഥൂലമായ പ്രതിരൂപമോ പ്രതീകമോ ഉണ്ടാവുക വയ്യ. ആരാധിക്കപ്പെടുന്ന വസ്തുക്കൾ ദൈവങ്ങളാണെങ്കിൽ അവർക്ക് നടക്കാനും പിടിക്കാനും കാണാനും കേൾക്കാനുമൊക്കെ കഴിയണം. ഇതിനൊന്നുമുള്ള അവയവങ്ങൾ പോലും അവക്കില്ല. ഉണ്ടെങ്കിൽ അത് മനുഷ്യരാൽ ഉണ്ടാക്കപ്പെട്ടതാണ്. മനുഷ്യൻ കൊത്തിയുണ്ടാക്കിയ കൈകാലുകൾക്കാവട്ടെ, നടക്കാനും പിടിക്കാനുമുള്ള ശക്തിയുമില്ല. മൂക്കത്തിരിക്കുന്ന ഈച്ചയെ ആട്ടാൻപോലും അശക്തരാണവ. പിന്നെയെങ്ങനെയാണവക്ക് തങ്ങളുടെ ആരാധ്യരെ സഹായിക്കാനും സംരക്ഷിക്കാനും കഴിയുന്നത്? വിഗ്രഹങ്ങളുടെ അവശതയെ ബൈബിൾ ഇങ്ങനെ വർണിച്ചിരിക്കുന്നു:

> "അവരുടെ വിഗ്രഹങ്ങൾ വെള്ളിയും സ്വർണവുമാണ്.
> കാതുണ്ട്, പക്ഷേ, കേൾക്കുന്നില്ല.
> മൂക്കുണ്ട്, പക്ഷേ, മണത്തറിയുന്നില്ല.
> കൈയുണ്ട്, പക്ഷേ, സ്പർശിക്കുന്നില്ല.
> കാലുണ്ട്, പക്ഷേ നടക്കുന്നില്ല.
> അവയുടെ കണ്ഠത്തിൽനിന്ന് സ്വരമേ പുറപ്പെടുന്നില്ല.
> അവയെ നിർമിക്കുന്നവരും അവരെപ്പോലെയാണ്.
> അവയിൽ ആശ്രയമർപ്പിക്കുന്നവരെല്ലാം അങ്ങനെ തന്നെ" (സങ്കീർത്തനം 115: 4-8).

............قُلِ ٱدۡعُواْ شُرَكَآءَكُمۡ എന്ന വാക്യം അറേബ്യൻ വിഗ്രഹാരാധകർ മുഹമ്മദ് നബിക്കെതിരെ ഉന്നയിച്ച ഒരു ഭീഷണിക്കുള്ള മറുപടിയാണ്. പാമര ജനങ്ങളെ പ്രവാചകനിൽനിന്ന് അകറ്റിനിർത്താൻ അവർ കണ്ടെത്തിയ ഒരു തന്ത്രം അദ്ദേഹത്തെക്കുറിച്ച് ഇങ്ങനെ കുപ്രചാരണം നടത്തുകയായിരുന്നു. പിശാചുബാധയേറ്റ് കിറുക്ക് പിടിച്ചിരിക്കുകയാണ് മുഹമ്മദിന്ന്. അവന്റെ ഏകദൈവ സിദ്ധാന്തവും ബഹുദൈവനിഷേധവുമെല്ലാം മഹാപാപങ്ങളാണ്. നമ്മുടെ ദേവീദേവന്മാരോടുള്ള നിന്ദയാണ്. ദൈവങ്ങൾ അവനോട് കോപിച്ചിരിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ അവൻ അതികഠിനമായി ശിക്ഷിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യും.

അല്ലാഹുവിന്റെ കൽപനപ്രകാരം പ്രവാചൻ ഈ ഭീഷണിയോട് പ്രതികരിക്കുകയാണ്: ശരി, നിങ്ങളുടെ എല്ലാ പങ്കാളികളെയും വിളിച്ചു സഹായം തേടിക്കൊള്ളുക. شُرَكَآءَكُمۡ (നിങ്ങളുടെ പങ്കാളികൾ) എന്നു പറഞ്ഞതിൽ അല്ലാഹുവിന്റെ പങ്കാളികളായി കരുതി അവർ ആരാധിച്ചുകൊണ്ടിരുന്ന മൂർത്തികളും അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും പങ്കിടുന്ന മറ്റുള്ളവരും പെടുന്നു. എല്ലാവരും ഒന്നിച്ചു ചേർന്ന് എന്നെ തോൽപിക്കാനും നശിപ്പിക്കാനും ഏറ്റം സുഭദ്രമായ മാർഗങ്ങൾ ആസൂത്രണം ചെയ്യുക. എന്നിട്ട് ഒട്ടും വൈകാതെ, എനിക്ക് രക്ഷപ്പെടാൻ ഒരു പഴുതും അനുവദിക്കാതെ അതു നടപ്പിലാക്കിക്കൊള്ളുക. നിങ്ങളുടെ ദൈവങ്ങൾക്ക് നിങ്ങളെ സഹായിക്കാൻ കഴിയുമെങ്കിൽ, നിഷേധിക്കപ്പെടുന്നതിൽനിന്ന് തങ്ങളെത്തന്നെ രക്ഷിക്കാനാകുമെങ്കിൽ ഞാൻ ഉടനെ തോൽപിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യുമല്ലോ. നിങ്ങൾക്ക് അതിനു കഴിയുന്നില്ലെങ്കിൽ, ദൈവങ്ങൾ നിങ്ങളെ രക്ഷിക്കുന്നില്ലെങ്കിൽ ഞാൻ പറഞ്ഞതുപോലെ നടക്കാനോ പിടിക്കാനോ കാണാനോ കേൾക്കാനോ കഴിവില്ലാത്ത ക്ഷുദ്ര സൃഷ്ടികളാണവയെന്ന് നിങ്ങൾ അംഗീകരിക്കണം.

**196:** നിങ്ങൾ എത്ര വിപുലമായി സംഘടിച്ചാലും എത്ര സുശക്തമായ തന്ത്രങ്ങൾ ആവിഷ്കരിച്ചാലും എനിക്ക് യാതൊരു ഭയവുമില്ല. എന്നെ രക്ഷിക്കാൻ അല്ലാഹുവുണ്ട്. അവൻ മനുഷ്യരാൽ നിർമിക്കപ്പെട്ട വിഗ്രഹമല്ല. സൃഷ്ടികളുടെ സംരക്ഷണത്തിൽ കഴിയുന്നവനുമല്ല. പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്നവനും സൃഷ്ടികളോട് യാതൊരാശ്രയമില്ലാത്തവനും എല്ലാ നിലയിലും സൃഷ്ടികൾക്കതീതനും എന്നാൽ സൃഷ്ടികളെ സൃഷ്ടിച്ച് മാർഗദർശനം ചെയ്യുന്നവനുമാണവൻ. ഞാൻ പാരായണം ചെയ്യുന്ന ഈ വേദവചനങ്ങൾ അവൻ അപ്പപ്പോഴായി എനിക്കവതരിപ്പിച്ചുതന്ന മാർഗദർശനമാണ്. ഇതുവഴി ജീവിതത്തിന്റെ എല്ലാ തുറകളിലും എനിക്ക് വെളിച്ചം കിട്ടുന്നു. ഈ വെളിച്ചം സ്വീകരിക്കുന്നവരാണ് മനുഷ്യരിൽ സജ്ജനങ്ങളായിത്തീരുന്നത്. അത്തരം സജ്ജനങ്ങളുടെ സംരക്ഷണം അവൻ ഏറ്റെടുത്തിരിക്കുന്നു. അതിനാൽ അവർക്ക് അവനല്ലാത്ത മറ്റാരെയും ഭയപ്പെടേണ്ടതില്ല.

**197:** എന്നാൽ ദിവ്യത്വം ആരോപിക്കപ്പെടുന്ന വിഗ്രഹങ്ങൾ നിങ്ങൾക്ക് വല്ല മാർഗദർശനവും നൽകുന്നുണ്ടോ? അവ നിങ്ങളെ സഹായിക്കുന്നുണ്ടോ? സംരക്ഷിക്കുന്നുണ്ടോ? ഒന്നുമില്ല. അതിനൊന്നും അവക്കു കഴിയുകയുമില്ല. നിങ്ങളെ സഹായിക്കുന്നതിരിക്കട്ടെ, സ്വയം രക്ഷിക്കാൻ പോലും കഴിവില്ലാത്തവരാണവർ. നിങ്ങൾ പൂജിക്കുകയും നിവേദ്യങ്ങളും വഴിപാടുകളുമർപ്പിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് അവ ദൈവങ്ങളാകുന്നത്. അതൊന്നും ചെയ്യാതെ നിങ്ങൾ അവഗണിച്ചാലോ ഏത് ഊറ്റമേറിയ മൂർത്തിയും കേവലം പാഴ്‌വസ്തുവായി മാറുന്നു.

**198:** നേരത്തേ വന്ന 192-ാം സൂക്തത്തിന്റെ മറ്റൊരു ഭാഷ്യമാണിത്. ഇവിടെ ഉപയോഗിച്ച لَا يَسۡمَعُواْ എന്ന വാക്ക് 193-ാം സൂക്തത്തിലെ لَا يَتَّبِعُوكُمۡ എന്ന വാക്കിന്റെ സ്ഥാനത്താണ്. ഈ لَا يَسۡمَعُواْ എന്ന വാക്ക് ആ സൂക്തത്തിലെ لَا يَتَّبِعُوكُمۡ എന്ന വാക്കിന്റെ അർഥം കൂടുതൽ വ്യക്തമാക്കിത്തരുന്നുണ്ട്. വിഗ്രഹങ്ങൾ കേൾക്കുകയോ ഉത്തരം നൽകുകയോ ചെയ്യാത്തത് അവ നിങ്ങളെ കേൾക്കാൻ ഇഷ്ടപ്പെടാത്തതുകൊണ്ടോ മറ്റേ

തെങ്കിലും തിരക്കിൽ പെട്ടതുകൊണ്ടോ മനഃപൂർവം കണ്ണും കാതും അടച്ചുപിടിച്ചതുകൊണ്ടോ അല്ല. അവർക്ക് കേൾക്കാനും കാണാനും കഴിവില്ലാത്തതുകൊണ്ടാണ്. ബൈബിൾ പറഞ്ഞതുപോലെ കാഴ്ചയിൽ അവർക്ക് കാലും കൈയും കണ്ണും കാതുമൊക്കെ ഉണ്ടായിരിക്കാം. അവയൊക്കെ ബലിഷ്ഠങ്ങളെന്നു തോന്നുകയും ചെയ്യാം. പക്ഷേ, അതെല്ലാം മനുഷ്യർ നിർമിച്ചു കൊടുത്തതാണ്. വിഗ്രഹങ്ങളുടെ കണ്ണുകണ്ടാൽ നിങ്ങളെ തുറിച്ചു നോക്കുന്നതായി തോന്നും. അവയാതൊന്നും കാണുകയോ കേൾക്കുകയോ ചെയ്യുന്നില്ല എന്നതാണ് സത്യം. അതിന്റെ കൈ കണ്ടാൽ നിങ്ങളെ അനുഗ്രഹിക്കാൻ ഉയർത്തിപ്പിടിച്ച പോലെ തോന്നും. ആ തോന്നൽ നിങ്ങൾക്കു മാത്രമാണ്. പാവം വിഗ്രഹം അതൊന്നും അറിയുന്നേയില്ല. ഇതേപോലെ വെറും മിഥ്യാസങ്കൽപമാണ് അവയിൽ ആരോപിക്കപ്പെടുന്ന ദിവ്യത്വവും ദൈവിക ചൈതന്യവും തേജസ്സും പ്രസാദവും കോപവും അവക്ക് അർപ്പിക്കപ്പെടുന്ന ആരാധനകളും വഴിപാടുകളുമെല്ലാം. ആ ശിലാഖണ്ഡങ്ങളോ ലോഹക്കൂട്ടുകളോ മരക്കഷ്ണങ്ങളോ ഇതൊന്നും കാണുകയോ കേൾക്കുകയോ ചെയ്യുന്നില്ല. ■

## തിരുത്ത്

വാള്യം 64, ലക്കം 14(2.9.2007)ലെ *ഖുർആൻ ബോധന*ത്തിൽ (പേജ് 23, ഖണ്ഡിക 1) ഖുർആൻ 79:42,43 സൂക്തങ്ങളുടെ തർജമ കൊടുത്തിട്ടുള്ളതിൽ 'ആ വിവരം എന്റെ നാഥങ്കൽതന്നെ' എന്നച്ചടിച്ചത്, 'ആ വിവരം നിന്റെ നാഥങ്കൽതന്നെ' എന്നും അതേ പേജ് 2-ാം കോളം 2-ാം ഖണ്ഡികയിൽ 'പ്രവാചകൻ മലക്ക് ജിബ്‌രീലിനോടു ചോദിച്ചു' എന്നച്ചടിച്ചത് 'മലക്ക് ജിബ്‌രീൽ പ്രവാചകനോടു ചോദിച്ചു' എന്നും 'ജിബ്‌രീൽ പറഞ്ഞു' എന്നച്ചടിച്ചത് 'പ്രവാചകൻ പറഞ്ഞു' എന്നും തിരുത്തിവായിക്കേണ്ടതാണ്. പിശകു പറ്റിയതിൽ ഖേദിക്കുന്നു.

**എ.വൈ.ആർ**